**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4060** **27-10-2021 - ൽ മറുപടിയ്ക്ക്**

**ഗ്രാമപഞ്ചായത്തുകൾ മുനിസിപ്പാലിറ്റിയാക്കി മാറ്റുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | **Shri M. V. Govindan Master**<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സ്പെഷ്യൽ ഗ്രേഡ് പഞ്ചായത്തുകളിലെയും മുനിസിപ്പാലിറ്റികളിലെയും സ്റ്റാഫ് പാറ്റേൺ ഏത് രീതിയിലാണെന്ന് വിശദമാക്കാമോ; | (എ) | 1994-ലെ കേരള പഞ്ചായത്ത് സബോർഡിനേറ്റ് ചട്ടങ്ങൾ നലവിൽ വന്നതോടെ 1967-ലെ കേരള പഞ്ചായത്ത് (എസ്റ്റാബ്ലിഷ്മെന്റ്) ചട്ടങ്ങൾ റദ്ദാക്കപ്പെടുകയും നിലവിൽ പഞ്ചായത്തുകളിൽ സ്പെഷ്യൽ ഗ്രേഡ്, ഒന്നാം ഗ്രേഡ് തുടങ്ങിയ ഗ്രൂപ്പിംഗ് നിലവിലില്ലാത്തതുമാണ്. അധിക തസ്തികകൾ അനുവദിക്കണമെന്ന നഗരകാര്യ ഡയറക്ടറുടെ സമയാസമയങ്ങളിലുള്ള പ്രൊപ്പോസലുകൾ സർക്കാർ തലത്തിൽ പരിശോധന നടത്തിയാണ് നഗരസഭകളിൽ തസ്തിക അനുവദിക്കുന്നത്. |
| (ബി) | ഗ്രാമപഞ്ചായത്ത് മുനിസിപ്പാലിറ്റിയാക്കി മാറ്റിക്കഴിഞ്ഞാൽ ശമ്പള ചെലവിനത്തിൽ എത്ര രൂപയുടെ വർദ്ധനവാണ് വരുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | അനുവദിക്കുന്ന തസ്തികകളുടെ തരം, എണ്ണം എന്നിവ അനുസരിച്ചാണ് ശമ്പള ബാധ്യത തിട്ടപ്പെടുത്താൻ കഴിയുന്നത്. |
| (സി) | ഗ്രാമപഞ്ചായത്തുകൾ മുനിസിപ്പാലിറ്റികളാക്കി മാറ്റുമ്പോൾ തനത് വരുമാനത്തിൽ എത്ര ശതമാനത്തിന്റെ വർദ്ധനവാണ് ഉണ്ടാവുന്നതെന്നും ഏതെല്ലാം നികുതികളിൽ എത്ര രൂപാവീതം വർദ്ധനവാണ് ജനങ്ങൾ വഹിക്കേണ്ടതായി വരുന്നതെന്നും വ്യക്തമാക്കാമോ; | (സി) | വിവിധ നികുതികളുടെ നഗരസഭ നിശ്ചയിക്കുന്ന നിരക്ക്, വാടകയിനത്തിൽ നഗരസഭ നിശ്ചയിക്കുന്ന നിരക്ക് തുടങ്ങിയ വസ്തുതകളെ അടിസ്ഥാനമാക്കിയാണ് ഇക്കാര്യം കണക്കാക്കാൻ കഴിയുക. |
| (ഡി) | മുനിസിപ്പാലിറ്റികൾക്ക് ഗ്രാമപഞ്ചായത്തുകളിൽ നിന്ന് വ്യത്യസ്തമായി ഏതൊക്കെ ഫണ്ടുകളാണ് അധികമായി ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ഡി) | ഗ്രാമ പഞ്ചായത്തുകളെ അപേക്ഷിച്ച് മുനിസിപ്പാലിറ്റികളിൽ വസ്തു നികുതി നിരക്കുകൾ വ്യത്യസ്തമാണ്. കെട്ടിട നിർമ്മാണ അനുമതി സംബന്ധിച്ചുള്ള ഫീസ് ഘടനയും വ്യത്യാസമുള്ളതാണ്. നഗരസഭകൾക്ക് മാത്രമായി കേന്ദ്രാവിഷ്കൃത ഫണ്ടുകൾ ലഭിക്കാറുണ്ട്. |
| (ഇ) | വരുമാനവും ജനസംഖ്യയും കുറവുള്ള ഗ്രാമപഞ്ചായത്തുകൾ നഗരസഭകളാക്കി | (ഇ) | പ്രത്യേകമായി അധികം തുക അനുവദിക്കുന്നില്ല. ധനകാര്യ കമ്മീഷന്റെ ശുപാർശ പ്രകാരമാണ് |

| | | | |
|---|---|---|---|
| | മാറ്റുമ്പോൾ ജില്ലാ, ബ്ലോക്ക് പഞ്ചായത്തുകളുടെ വിഹിതം ചെലവഴിക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ സർക്കാരിന്റെ പദ്ധതി വിഹിതത്തിൽ നിന്നും ഇവയ്ക്ക് കൂടുതൽ തുക അനുവദിക്കുന്നുണ്ടോ; | | നഗരസഭകൾക്ക് ഫണ്ട് അനുവദിച്ച് വരുന്നത്. ധനകാര്യ കമ്മീഷന്റെ വിഹിതത്തിൽ ഗ്രാമ പഞ്ചായത്തുകളെ അപേക്ഷിച്ച് നഗരസഭകളായി മാറിയ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് അധിക തുക അനുവദിച്ച വരുന്നുണ്ട്. |
| (എഫ്) | വരുമാനവും ജനസംഖ്യയും കുറവുള്ള നഗരസഭകളെ ഗ്രാമപഞ്ചായത്തുകളാക്കി മാറ്റാൻ നിയമത്തിൽ വ്യവസ്ഥയുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള നിയമ ഭേദഗതി കൊണ്ടുവരാൻ നടപടി സ്വീകരിക്കുമോ? | (എഫ്) | 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 4-ലെയും ഇന്ത്യൻ ഭരണഘടനയുടെ 245 q അനുച്ഛേദത്തിലെയും വ്യവസ്ഥകൾ പ്രകാരമാണ് മുനിസിപ്പാലിറ്റികൾ രൂപീകരിക്കുകയും മാറ്റം വരുത്തുകയും ചെയ്യുന്നത്. അതു പ്രകാരം നഗരസഭകളെ ഗ്രാമപഞ്ചായത്തുകളായി മാറ്റാൻ കഴിയുകയില്ല. ഇക്കാര്യത്തിൽ നിയമ ഭേദഗതി പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ